പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ .837 30.01.2019 ൽ മറുപടിയ്ക്ക്

**വനപ്രദേശങ്ങളോട്ടു ചേർന്ന കൃഷിയിടങ്ങളിലെ ജണ്ടയിടൽ**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. കെ.വി. വിജയദാസ്** | | അഡ്വ .കെ.രാജു<br>(ബഹു.വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി) |
| എ) | വനപ്രദേശങ്ങളോട്ടു ചേർന്ന പ്രദേശങ്ങളിൽ പരമ്പരാഗതമായി കൃഷി ചെയ്തു വരുന്ന കർഷകരുടെ കൃഷി സ്ഥലങ്ങളിൽ വ്യാപകമായി ജണ്ടയിട്ടു വരുന്നതായ ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ വിശദ വിവരം നൽകുമോ; | (എ) | ശ്രദ്ധയിൽപെട്ടിട്ടില്ല. സർവ്വേ ചെയ്ത വനാതിർത്തികളിൽ മാത്രമാണ് ജണ്ടകളുടെ നിർമ്മാണം നടത്തുന്നത്. വനം കയ്യേറ്റങ്ങൾ ഉണ്ടാകാതെ വനത്തെ സംരക്ഷിക്കുന്നതിന് വനാതിർത്തികളിലെ ജണ്ടകളുടെ നിർമ്മാണം അത്യാവശ്യമാണ്. |
| (ബി) | ഏതെല്ലാം മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് വനം വകുപ്പ് ഇപ്രകാരം നടപടി സ്വീകരിക്കുന്നത് എന്ന് വെളിപ്പെടുത്താമോ; | (ബി) | വനാതിർത്തി സർവ്വേ ചെയ്താണ് അതിർത്തി ജണ്ടകൾ നിർമ്മിച്ചുവരുന്നത്. |
| (സി) | പരമ്പരാഗത കർഷകരുടെ സ്ഥലം മുന്നറിയിപ്പില്ലാതെ ജണ്ടയിടുന്ന നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം നടപടി അവസാനിപ്പിക്കുന്നതിന് വകുപ്പ് അധികൃതർക്ക് നിർദ്ദേശം നൽകുമോ? | (സി) | പരമ്പരാഗത കർഷകരുടെ സ്ഥലത്ത് വനം വകുപ്പ് ജണ്ടയിടുന്നില്ല. വനാതിർത്തി സർവ്വേ ചെയ്ത് ടി അതിർത്തിയിൽ മാത്രമാണ് ജണ്ടയിടുന്നത്. വനം കയ്യേറ്റങ്ങൾ ഉണ്ടാകാതെ വനത്തെ സംരക്ഷിക്കുന്നതിന് വനാതിർത്തികളിലെ ജണ്ടകളുടെ നിർമ്മാണം അത്യാവശ്യമാണ്. |

സെക്ഷൻ ഓഫീസർ